പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം<br>നം 158 | 13/06/2019 ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷണപദാർത്ഥങ്ങളിലെ മായം തടയാൻ കർശന നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. എൻ. ഷംസീർ**<br>**,, കെ.ഡി. പ്രസേനൻ**<br>**,, ആർ. രാജേഷ്**<br>**,, മുരളി പെരുനെല്ലി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷണപദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ എടുത്തിരിക്കണമെന്ന നിബന്ധന സംസ്ഥാനത്ത് സമ്പൂർണ്ണമായി പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | എ) | 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യ സുരക്ഷാ റൂൾസും അനുബന്ധ റഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യ സുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉഃപാദനത്തിലും, വിതരണത്തിലും, സംഭരണത്തിലും, പാക്കിംഗിലും, വില്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും, ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരംഭകരെ രജിസ്ട്രേഷൻ/ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇൻഡ്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയ ജില്ലയായി കൊല്ലം ജില്ലയെ 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി. സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളും സമ്പൂർണ്ണ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയ ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നതിന്റെ ഭാഗമായി ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ നടന്നുവരുന്നു. കൂടാതെ ഫുഡ് ബിസിനസ് സ്ഥാപനങ്ങളുടെ അടിസ്ഥാന വിവരശേഖരണം നടത്തി രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാത്തവർക്ക് നോട്ടീസ് നൽകി രജിസ്ട്രേഷൻ/ ലൈസൻസ് നൽകിവരുന്നു.09.06.2019 വരെ സംസ്ഥാനത്ത് 61,740 ലൈസൻസുകളും. 2,90,220 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സർക്കാരിന്റെ കർശനമായ ഇട പെടലിന്റെ ഭാഗമായി മത്സ്യം. മാമ്പഴം ഉൾപ്പെടെയുള്ള പഴങ്ങൾ തുടങ്ങിയവയിൽ രാസവസ്തുക്കൾ ചേർക്കുന്നത് നിയന്ത്രിക്കാ നായിരുന്നെങ്കിലും ഇപ്പോൾ വീണ്ടും ഇത്തരത്തിൽ രാസവസ്തു ക്കൾ ചേർത്ത ആഹാരപദാർത്ഥ ങ്ങൾ വിൽക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ഇതിനെതിരെ കൂടുതൽ കർശന നടപടി സ്വീകരിക്കുമോ; | ബി) | സംസ്ഥാനത്ത് ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ ചേർത്ത ആഹാര പദാർത്ഥങ്ങൾ വിൽക്കുന്നുവെന്ന് ലാബ് പരിശോധനയിൽ നിന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പരിശോ ധനകൾ കർശനമാക്കിയിട്ടുണ്ട്.<br><br>മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസ വസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതി യാണ് `ഓപ്പറേഷൻ സാഗർറാണി' ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തി യിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, ലേല സ്ഥലങ്ങൾ, മത്സ്യമാർക്കറ്റുകൾ, റയിൽവേ സ്റ്റേഷനുകൾ എന്നിവ കേന്ദ്രീകരിച്ചും പരിശോധന കൾ നടത്തുന്നുണ്ട്.<br><br>പ്രസ്തുത പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ അടങ്ങിയ മത്സ്യം വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തര ക്കാർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള പ്രോസിക്യൂഷൻ /അഡ്ജ്യൂഡി ക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. 'ഓപ്പറേഷൻ സാഗർ റാണി'യുമായി ബന്ധപ്പെട്ട് നാളിതുവരെ 1580 പരിശോധനകൾ നടത്തുകയും മത്സ്യത്തിന്റെയും ഐസിന്റെയും 966 സർവയിലൻസ് സാമ്പിളുകളും 28 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും ശേഖരിച്ച് പരിശേധനയ്ക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പിളു കളുടെ പരിശോധനയിൽ 7 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായും 8 സാമ്പിളുകൾ ആരോഗ്യത്തിന് ഹാനികരവുമാണെന്ന് (Unsafe) ക ണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 അഡ്ജ്യൂഡിക്കേഷൻ കേസുകളും 8 പ്രോസിക്യൂഷൻ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>മാർക്കറ്റിൽ ലഭ്യമായ മാമ്പഴം ഉൾപ്പെടെയുള്ള പഴങ്ങളിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം മനസ്സിലാക്കുന്നതിനായി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ ലാബുകളിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം 2006 പ്രകാരം കഴിഞ്ഞ ആറുമാസത്തിനുള്ളിൽ 89 മാമ്പഴ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു. ഒന്നിലും തന്നെ കാർബൈഡ് മുതലായ രാസവസ്തുക്കൾ കലർന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| സി) | വെളിച്ചെണ്ണ, പാൽ തുടങ്ങിയവയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്തതായി കണ്ടെത്തിയ നിരവധി ബ്രാന്റുകൾ നിരോധിച്ചിരുന്നവെങ്കിലും അതേ വ്യാപാരികൾ തന്നെ വേറെ ബ്രാന്റിൽ മായം കലർന്ന വെളിച്ചെണ്ണയും പാലും മറ്റുല്പന്നങ്ങളും വിപണനം നടത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | സി) | സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ 2018 ൽ മാത്രം നിരോധിച്ചിട്ടുണ്ട്. ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിക്കുമ്പോൾ ഇതേ വെളിച്ചെണ്ണ അതേ വ്യാപാരികൾ വേറെ ബ്രാൻഡ് നെയിമുകളിൽ വിപണനം നടത്തുന്നു എന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഇത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ബ്രാൻഡ് രജിസ്ട്രേഷൻ നിർബന്ധമാക്കി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.<br>പാലിന്റെ കാര്യത്തിൽ ഇത്തരം വസ്തുതകൾ സമീപകാലത്ത് ശ്രദ്ധയിൽപെട്ടിട്ടില്ല. കഴിഞ്ഞ 6 മാസകാലയളവിൽ പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും 128 സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തിയതിൽ 6 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി ക ണ്ടെത്തുകയും ആയതിന്റെയടിസ്ഥാനത്തിൽ ഒരു പ്രോസിക്യൂഷൻ കേസും 5 അഡ്ജ്യൂഡിക്കേഷൻ കേസും ഫയൽ ചെയ്തിട്ടുണ്ട്. 5 അഡ്ജ്യൂഡിക്കേഷൻ കേസുകളിലായി 11000/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. |
| ഡി) | സമീപകാലത്ത് ഭക്ഷ്യസുരക്ഷ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനയുടെ കൂടി വെളിച്ചത്തിൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുകൾ നടത്തുമോ? | ഡി) | ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതി നായി ഓഫീസ് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭക്ഷ്യ സുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ ജില്ലാ ഓഫീസുകളിലും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകളിലും പരിശോധനകൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പരിശോധനകൾ ഭക്ഷ്യ സുരക്ഷാ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിൽ നിരീക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ